VI റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. മാത്യു ടി.തോമസിനുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ പതിനേഴാമതും പതിനെട്ടാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII ക്രമപ്രശ്നം

സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആയിരിക്കണമെന്ന് യാതൊരു നിബന്ധനയമില്ലെന്നും അങ്ങനെ എടുക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കഴിഞ്ഞ ദിവസം സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുന്ന സന്ദർഭത്തിൽ വളരെ വ്യക്തമായി പറയുകയുണ്ടായി. ഇത് തികഞ്ഞ് നിയമലംഘനമാണ്.

Employment Exchange Compulsory Notification of Vacancies Act, 1959 Section–4

Employment Exchange Compulsory Notification of Vacancies Act 1959 Section A. This is a Central Act. After the commencement of this act in any state or area thereof the employer in every establishment in public sector in the state or area shall before filing of any vacancy in any employment in that establishment notify that vacancy such employment exchange may be prescribed. അത് നോട്ടിഫൈ ചെയ്യേണ്ട ബാദ്ധ്യതയുണ്ട്. അതേയവസരത്തിൽ റൂളിലും വളരെ വ്യക്തമായി ഈ കാര്യം പറയുന്നുണ്ട്. അതുകൊണ്ട് ഈ നിയമമനുസരിച്ച് നോട്ടിഫൈ ചെയ്യേണ്ടതാണ്. റൂൾ (സി)-യിൽ പറയുന്നത്, Vacancies other than those specified in sub-rule-1 shall be notified to the local employment exchange. ലോക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ചോദിച്ച് അതിൽനിന്നും ലിസ്റ്റ് വാങ്ങിയതിനുശേഷം മാത്രമേ ഇത് ചെയ്യാൻ പാടുള്ളുവെന്ന് വളരെ വ്യക്തമായി ആക്ടിലും റൂളിലും പറയുന്നുണ്ട്. എന്നു മാത്രമല്ല ഇതിന്റെ പീനൽ ക്ലോസ് 7-ൽ പറയുന്നത് If any employer fail to notify to the employment exchange prescribed for the purpose of any vacancy in contravention of section-1, he shall be punishable for the first offence with fine which may extent to five hundred rupees and for every subsequent offence with fine which may extent to one thousand rupees. അത് വാസ്തവത്തിൽ ചെയ്തില്ലെങ്കിൽ കുറ്റകരമാണ്, ആ ആളെ പ്രോസിക്യൂട്ട് ചെയ്യേണ്ടതാണ്. ആ ആളെ ശിക്ഷിക്കപ്പെടേണ്ടതാണ്. ആ ശിക്ഷവരെ ഈ ആക്ടിൽ പറഞ്ഞിട്ട് എനിക്ക് മുമ്പുള്ള മന്ത്രിമാർ ചെയ്തിട്ടില്ല എന്നുവേണമെങ്കിൽ പറയാം. അതൊരു എസ്ക്യൂസ് ആണോ ? ഈ നിയമം ഞാൻ അംഗീകരിക്കുകയില്ല എന്ന് ഒരു മന്ത്രി ഈ സഭയിൽ പറയുന്നത് ഓർഡറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയൊന്നുമല്ല ഞാൻ നിയമസഭയിൽ പറഞ്ഞത്. ഞാൻ പറഞ്ഞത്, ഫാക്ടറികളിലെ വർക്ക്മെൻ-ന്റെ റിക്രൂട്ട്മെന്റ് മുൻകാലങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെയാണ് നടത്തിയിട്ടുള്ളത്. നിയമപരമായി പരിശോധിച്ചപ്പോൾ കേരള ഹൈക്കോടതിയിൽത്തന്നെ രണ്ട് കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും അവസാനത്തേത് Kuriacose *Vs* Cochin Shipyard Ltd. & others

On a consideration of the scheme of the act object which it is intend to serve and in the light of sub-section -4(f) of section-4. I have to hold that sub-section 1 is not mandatory and appointments made by the employer will not be tendered invalid merely by reason of the employer not complying with the requirements of sub-section 1 or sub-section 2 of section 4. I am strengthened with this view by the decision of Mysore High Court and also Allahabad High Court. അത് രണ്ടും അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഹൈക്കോടതിയിൽത്തന്നെ James Yesudas *Vs* Malabar Cements Ltd.-ൽ സമാനമായിട്ടുള്ള വിധിയുണ്ട്. സുപ്രീംകോടതി തന്നെ ഇത് ക്ലാരിഫൈ ചെയ്തിട്ടുള്ള കാര്യമാണ്. പക്ഷേ കോടതി നിർബന്ധമാക്കിയിട്ടുള്ളത് ഇത് വളരെ സുതാര്യമായ രീതിയിൽ പരസ്യം ചെയ്ത് എല്ലാവർക്കും തുല്യമായ അവസരം നൽകിക്കൊണ്ടുമാത്രമേ നിയമനം പാടുള്ളൂവെന്നതാണ്. ഇക്കാര്യത്തിലും ഇപ്പോൾ നടക്കുന്ന നിയമനത്തിലും കോടതിയിൽനിന്ന് ഈ രീതിയിലുള്ള ഒബ്സർവേഷനുണ്ട്. 2001 മുതൽ 2006 വരെയുള്ള സർക്കാരിന്റെ കാലത്തെ നിയമനങ്ങളെടുത്താൽ തെറ്റെന്നല്ല. എന്നാലും precedent പറയണമല്ലോ മലബാർ സിമെന്റ്സ് പാലക്കാട്, ചേർത്തല യൂണിറ്റിൽ 98 പേരെ പരസ്യം പോലും കൊടുക്കാതെ നിയമിച്ചിട്ടുണ്ട്. ബാംബു കോർപ്പറേഷനിൽ 11 പേരെ പരസ്യം പോലും കൊടുക്കാതെ നിയമിച്ചിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയത്തിൽ 90 പേരെ പരസ്യം ചെയ്ത് നിയമിച്ചിട്ടുണ്ട്. കെ.എം.എം.എൽ-ൽ 71 പ്രാദേശികവാസികളെ നേരിട്ട് നിയമിച്ചിട്ടുണ്ട്. ഇങ്ങനെ ഇത്രയും പേരെ നിയമിച്ചിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നിയമനം നടത്തിയിട്ടുള്ളത്. ഇതിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും തർക്കം വന്നു. കെ.എം.എം.എൽ.-ൽ 503 പേരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി ക്യാബിനറ്റ് തീരുമാനമെടുത്തുവെങ്കിലും ഓർഡർ ഇറങ്ങിയില്ലെന്ന് മാത്രം. ഈ സർക്കാർ വന്നിട്ടാണ് 503 പേരേയും നിയമിച്ചത്. അങ്ങ് ട്രേഡ് യൂണിയൻ നേതാവല്ലേ? ഫാക്ടറികളിൽ കാഷ്വൽ ആയിട്ടോ കോൺട്രാക്ട് അടിസ്ഥാനത്തിലോ പത്തിരുപത് വർഷം ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്നുള്ളത് ട്രേഡ് യൂണിയന്റെ അവകാശമാണ്. നിങ്ങൾ സമരം ചെയ്യുന്ന കാര്യമാണ്. പത്ത് വർഷത്തിൽതാഴെ സർവ്വീസ്സുള്ള ഒരാളെയും അങ്ങനെ പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള സ്ഥാപനങ്ങളിലും അത്തരത്തിലുള്ള പരിഗണന നൽകില്ലെന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം. ഇത് അനാവശ്യമായി ഒരു ആശയക്കുഴപ്പം സൃഷ്ടിക്കാനുള്ള ശ്രമമാണ്. അതുകൊണ്ട് അങ്ങ് ഈ തടസ്സവാദം തള്ളിക്കളയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ...(തടസ്സം)..... ഞങ്ങളുടെ കാലത്ത് നിയമിച്ചുവെന്ന് പറയുന്നത് ട്രെയ്നീസിനെയാണ്. ഇത് അതല്ല. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.

VII റൂളിംഗ്

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ഇതേ വിഷയം തന്നെ ശ്രീ. കെ.എം. മാണിയും ക്രമപ്രശ്നം ഉന്നയിക്കാൻ ചെയറിന് എഴുതിത്തന്നിരുന്നു. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിന് മറുപടി പറഞ്ഞു. മറുപടി തൃപ്തികരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട് നിലവിലുണ്ട്. അത് നിലവിലുള്ളപ്പോൾത്തന്നെ വന്നിട്ടുള്ള സുപ്രീം കോടതി വിധിയുടേയും ഹൈക്കോടതി വിധിയുടേയും അതുപോലെ കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നുപോകുന്നത്. ആക്ട് ഒരു ഭാഗത്ത് നിലനിൽക്കുമ്പോൾ തന്നെയാണ് കോടതി വിധികൾ വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇപ്പോൾ എടുത്ത നടപടികൾ ശരിയായ രീതിയിലാണെന്ന് മിനിസ്റ്റർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് പരിഗണന.

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ

(ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, എം.എൽ.എ. നോട്ടീസ് നൽകിയത്.)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ സർക്കാർ അംഗീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly